"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - 2024-25 ലെ ഹാർഡ്‌വെയർ വാർഷിക പരിപാലന കരാറിൽ ഏർപ്പെടുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.192/2025/TAXES തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 22.02.2025-ലെ SLTY/3003/2024-MOD3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഹാർഡ്‌വെയറുകളുടെ വാർഷിക പരിപാലന കരാർ (AMC) പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ 2023-24 വർഷത്തെ ഹാർഡ്‌വെയർ AMC 13.11.2024 ന് അവസാനിച്ച സാഹചര്യത്തിൽ കരാർ പുതുക്കുന്നതിന് കെൽട്രോൺ ₹10,42,884/- രൂപയുടെ ശിപാർശ സമർപ്പിച്ചിരുന്നുവെന്നും വകുപ്പുതല സാങ്കേതിക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ചയിൽ ഇത് ₹10,42,000/- (പത്തു ലക്ഷത്തി നാല്പത്തി രണ്ടായിരം രൂപ മാത്രം) ആയി നിജപ്പെടുത്തുകയുണ്ടായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ, 14.11.2024 മുതൽ 13.11.2025 വരെയുള്ള കാലയളവിലേയ്ക്ക് 2075-00-103-94-99-IT എന്ന ശീർഷകത്തിൽ നിന്ന് 10,42,000/- (പത്തുലക്ഷത്തി നാല്പത്തി രണ്ടായിരം രൂപ മാത്രം) ചെലവഴിച്ച് ഹാർഡ്‌വെയർ AMC പുതുക്കുന്നതിന് അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഹാർഡ്‌വെയർ ഉപകരണങ്ങളുടെ, 14.11.2024 മുതൽ 13.11.2025 വരെയുള്ള AMC, ₹10,42,000/- (പത്തുലക്ഷത്തി നാല്പത്തി രണ്ടായിരം രൂപ മാത്രം) ചെലവഴിച്ച് പുതുക്കുന്നതിനും ടി ചെലവ് 2075-00-103-94-99-IT എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ഓഫീസ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ (TAXES-H1/52/2025-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Kabeer. C. A
Date: 05-03-2025 15:00:24
സെക്ഷൻ ഓഫീസർ